150 YEARS OF CELEBRATING THE MAHATMA

Q3/44933/2022/DCE

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ

കാര്യാലയം വികാസ് ഭവൻ,

തിരുവനന്തപുരം

17.02.2023

## വിജ്ഞാപനം

വിഷയം: കോ.വി.വ.തിരുവനന്തപുരം - 2021-22 അക്കാദമിക് വർഷത്തെ മുഖ്യമന്ത്രിയുടെ പ്രതിഭ ധന സഹായ പദ്ധതിയുടെ( **CM സ്കോളർഷിപ്**) അപേക്ഷകൾ ഓൺലൈനായി സ്വീകരിക്കുന്നത് സംബന്ധിച്ച്

---

ബഹു. മുഖ്യമന്ത്രിയുടെ പ്രതിഭധന സഹായ പദ്ധതിയുടെ ഭാഗമായി **2021-22** അക്കാദമിക് വർഷത്തിൽ പഠിച്ച അവസാന വർഷ ബിരുദ( 3/4/5 വർഷ ബിരുദ കോഴ്സുകൾ ) വിദ്യാർത്ഥികൾക്ക് **ഒരു ലക്ഷം രൂപ വീതം 1000 വിദ്യാർത്ഥികൾക്ക്** സ്കോളർഷിപ്പായി നൽകുവാൻ തീരുമാനിച്ചിരിക്കുന്നു. പ്രസ്തുത സ്കോളർഷിപ്പിനായി താഴെ പറയുന്ന 13 സർവ്വകലാശാലകളിൽ നിന്നും അഫിലിയേറ്റ് ചെയ്ത കോളേജുകളിലെ വിവിധ വിഷയങ്ങളിൽ 2021-22 അധ്യായന വർഷം വിജയകരമായി പഠനം പൂർത്തീകരിച്ച വിദ്യാർത്ഥികളിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു.അപേക്ഷകർ കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ ഔദ്യോഗിക സ്കോളർഷിപ്പ് പോർട്ടലായ **http://dcescholarship.kerala.gov.in** വഴി അപേക്ഷിക്കാവുന്നതാണ് അപേക്ഷകൾ സ്വീകരിക്കുന്നതിനുള്ള അവസാന തീയതി **05/03/2023** സ്കോളർഷിപ്പ് സംബന്ധിച്ച മാർഗ്ഗരേഖ ചുവടെ നൽകുന്നു

## മാർഗരേഖ

1. 2021-22അധ്യയന വർഷംഅവസാന വർഷ ഡിഗ്രിബിരുദ(3/4/5വർഷ ബിരുദകോഴ്സുകൾ )പരീക്ഷ വിജയിച്ചവരിൽ നിന്നും ബിരുദ തല പരീക്ഷയിൽ ലഭിച്ച ആകെ മാർക്കിന്റെ അടിസ്ഥാനത്തിലായിരിക്കും അർഹരായവരെ തിരഞ്ഞെടുക്കുന്നത്.
2. കേരളത്തിലെ താഴെ പറയുന്ന സർവ്വകലാശാലകളിൽ അഫിലിയേറ്റ് ചെയ്ത കോളേജുകളിലെ ഡിഗ്രി/തത്തുല്യ കോഴ്സിൽ റെഗുലറായി കോഴ്സ് പൂർത്തീകരിച്ചവരിൽ 75% ത്തിന് മുകളിൽ മാർക്ക് ലഭിച്ച വിദ്യാർത്ഥികൾക്കാണ് ഈ സ്കോളർഷിപ്പിന് അപേക്ഷിക്കാൻ അർഹതയുള്ളത്.
3. അതാത് സർവകലാശാല നിഷ്കർഷിച്ചിട്ടുള്ള ഫോർമുല ഉപയോഗിച്ച് കണക്കാക്കുന്ന ആകെ മാർക്കിന്റെ ശതമാനമായിരിക്കും സ്കോളർഷിപ്പിനായി പരിഗണിക്കുന്നത്

| NO | UNIVERSITY |
|---|---|
| 1 | UNIVERSITY OF KERALA |
| 2 | UNIVERSITY OF CALICUT |
| 3 | COCHIN UNIVERSITY OF SCIENCE AND TECHNOLOGY |
| 4 | MAHATHMA GANDHI UNIVERSITY |
| 5 | KANNUR UNIVERSITY |

| | |
|---|---|
| 6 | KERALA UNIVERSITY OF HEALTH SCIENCES |
| 7 | KERALA VETERINARY AND ANIMAL SCIENCE UNIVERSITY |
| 8 | KERALA AGRICULTURAL UNIVERSITY |
| 9 | KERALA UNIVERSITY OF FISHERIES AND OCEAN STUDIES |
| 10 | NATIONAL UNIVERSITY OF ADVANCED LEGAL STUDIES |
| 11 | SREE SANKARACHARYA UNIVERSITY OF SANSKRIT |
| 12 | APJ ABDUL KALAM TECHNOLOGICAL UNIVERSITY |
| 13 | KERALA KALAMANDALAM |

4. അപേക്ഷകൾ ലഭിക്കുന്നതിൽ നിന്നും മെറിറ്റ് അടിസ്ഥാനത്തിൽ ഏറ്റവും കൂടുതൽ മാർക്ക് ലഭിച്ച വിദ്യാർത്ഥികൾക്കായിരിക്കും സ്കോളർഷിപ്പിന് അർഹത ഉണ്ടായിരിക്കുന്നത്. ഓരോ സർവ്വകലാശാലകളിലേയും ഡിഗ്രി വിഭാഗത്തിലെ ഓരോ വിഷയത്തിലും പഠിച്ച ആകെ വിദ്യാർത്ഥികളുടെ എണ്ണത്തിന് ആനുപാതികമായി സ്കോളർഷിപ്പിന്റെ എണ്ണം പരിമിതപ്പെടുത്തും.

5 . അപേക്ഷകരുടെ വാർഷിക വരുമാനം 2.5 ലക്ഷം (രണ്ടു ലക്ഷത്തി അൻപതിനായിരം ) രൂപയിൽ കവിയരുത് .

6 ഓരോ സർവ്വകലാശലകളിലെയും അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിലെ വിഷയാനുസൃതമായി വെവ്വേറെയായിരിക്കും സ്കോളർഷിപ്പിനായി പരിഗണിക്കുന്നത്.

7. സർവ്വകലാശാലകളിൽ അഫിലിയേറ്റ് ചെയ്ത കോളേജുകളിലെ ഒരു വിഷയത്തിന്റെ വിവിധ സ്കീമുകളെ ഒരുമിച്ചായിരിക്കും പരിഗണിക്കുന്നത്.

8 .ഹയർ എഡ്യൂക്കേഷൻ കൗൺസിൽ നൽകുന്ന ഹയർ എഡ്യൂക്കേഷൻ സ്കോളർഷിപ്പ് ലഭിച്ച വിദ്യാർത്ഥികളെ ഈ സ്കോളർഷിപ്പിനായി പരിഗണിക്കുന്നതല്ല.

9 .സർവ്വകലാശാലയിലെ Govt / Aided / Autonomous / Self Finance കോളേജുകളെ ഒരുമിച്ചായിരിക്കും പരിഗണിക്കുക.

10 .സ്കോളർഷിപ്പിനായി അപേക്ഷിക്കുന്ന വിദ്യാർത്ഥികൾ ഡിഗ്രി സർട്ടിഫിക്കറ്റ് ,കൺസോളിഡേറ്റഡ് മാർക്ക് ലിസ്റ്റ്,വിജ്ഞാപനം പ്രസിദ്ധീകരിച്ച് ഒരു (1) വർഷത്തിനകം ലഭിച്ച വരുമാന സർട്ടിഫിക്കറ്റ് മുതലായവ അപേക്ഷിക്കുന്ന സമയത്ത് അപ്ലോഡ് ചെയ്യേണ്ടതാണ്

11 .അപേക്ഷയുമായി ബന്ധപ്പെട്ട സംശയങ്ങൾക്ക് താഴെ നൽകിയിട്ടുള്ള നമ്പറിലും ഇമെയിൽ വിലാസത്തിലും ബന്ധപ്പെടാവുന്നതാണ്

**MOB : 0471-2306580,9447096580,9446780308**
**Email ID : cmscholarshipdce@gmail.com**

ഉന്നത വിദ്യാഭ്യാസത്തിൽ തുല്യതയും മികവും പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യം നിറവേറ്റുന്നതിനായി മേൽ പറഞ്ഞ മാർഗ നിർദ്ദേശങ്ങളിൽ ഉൾപ്പെടുത്താത്തതുമായ കാര്യങ്ങളിൽ തീരുമാനമെടുക്കാൻ കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറിന് വിവേചനാധികാരം ഉണ്ടായിരിക്കും. പദ്ധതിയും അതിന്റെ നടത്തിപ്പും സംബന്ധിച്ച എന്തെങ്കിലും തർക്കമുണ്ടായാൽ കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ എടുക്കുന്ന തീരുമാനം അന്തിമമായിരിക്കും

# Approval Valid

Digitally Approved By
VIGNESHWARI V I.A.S
Date 17.02.2023
Reason Approved